LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് വ്യവസായം തുടങ്ങുന്നതിന് സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയൊന്നും നിലവിലില്ല. അതേസമയം വ്യവസായ സംരംഭകർ എന്ന നിലയ്ക്ക് സഹകരണ സംഘങ്ങൾക്ക് വ്യവസായ വികസന ഏരിയ/പ്ലോട്ട്/എസ്റ്റേറ്റുകളിൽ പൊതുവായ നിബന്ധനകളുടെ അടിസ്ഥാനത്തിലും ലഭ്യതയനുസരിച്ചും ഭൂമി അനുവദിക്കുന്നതിന് തടസ്സമില്ല.

(ബി) സഹകരണമേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്കുള്ള ധനസഹായ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യവസായ ഭൂമി അനുവദിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണ്. വ്യവസായ ആവശ്യത്തിനായി വ്യവസായ-സഹകരണ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്ന രീതി നിലവിലില്ല.

## അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പ്

120 (2378) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി മണ്ഡലത്തിൽ മൽസരിച്ച വ്യക്തി പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഖാദി വ്യവസായ വകുപ്പ് നൽകിയ 36044/18 നമ്പർ ഹർജിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.36044/18 എന്ന കേസ് ഫയൽ ചെയ്തത് ഖാദി ബോർഡ് അല്ല. ടി കേസിലെ ഹർജിക്കാരൻ ശ്രീ. അരുൺ ബി.എസ്. എന്ന വ്യക്തിയാണ്. പ്രസ്തുത കേസിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വകുപ്പ് എന്നിവയും കക്ഷികളല്ല. ഈ കേസിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷൻ, റിട്ടേണിംഗ് ഓഫീസർ, അമരവിള ചൂട്ടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘം, തഹസിൽദാർ എന്നിവർ യഥാക്രമം 1 മുതൽ 4 വരെ എതിർകക്ഷികളാകുന്നു. പ്രസ്തുത കേസിൽ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാരന് ഇലക്ഷനിൽ മത്സരിക്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കുകയും ഇലക്ഷൻ നടപടി പൂർത്തീകരിച്ച് പുതിയ ഭരണസമിതി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല.